(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വർഗ്ഗീയ കലാപങ്ങൾ, മതങ്ങൾ, തമ്മിലുള്ള, പ്രശ്നം, ഒരേ മതവിഭാഗങ്ങൾ തമ്മിലുള്ള പ്രശ്നം, മറ്റ് കാരണങ്ങൾ എന്നിവയിലൂടെ എത്ര ആരാധനാലയങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) എത്ര ആരാധനാലയങ്ങൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്നും അവ എന്തൊക്കെ കാരണങ്ങളാലാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

പള്ളികൾക്കുനേരെയുള്ള ആക്രമണം

87. [87] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്ത് എത്തെല്ലാം പള്ളികൾക്കുനേരെ ആക്രമണം ഉണ്ടായിട്ടുണ്ട്;

(ബി) പള്ളി ആക്രമണവുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഏതെല്ലാം കേസ്സുകളിലെ പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യുവാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതേ കാലയളവിൽ ആക്രമണത്തിന്റെ ഫലമായി എത്ര വൈദികർ കൊല്ലപ്പെട്ടിട്ടുണ്ട്; എത്ര വൈദികർക്ക് പരിക്കേറ്റു;

(ഇ) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

ആരാധനാലയങ്ങൾക്കു നേരെയുള്ള ആക്രമണങ്ങൾ

88. [88] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ എത്തെല്ലാം ദേവാലയങ്ങൾക്കുനേരെ ആക്രമണം നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ ക്രിസ്ത്യൻ പള്ളികൾ എത്ര എന്നും മുസ്ലിം പള്ളികൾ എത്ര എന്നും ദേവാലയങ്ങൾ എത്ര എന്നും വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം കേസ്സുകളിലെ പ്രതികളെയാണ് ഇനിയും അറസ്റ്റു ചെയ്യുവാനു ള്ളതെന്നു വിശദമാക്കാമോ?

ഉത്തരം

(എ) ഈ കാലയളവിൽ 22 ദേവാലയാക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. പാറ്റൂർ പള്ളി
2. കുളമുട്ടം വൻകടവ് ഭഗവതി ക്ഷേത്രം
3. വെഞ്ഞാറമൂട് തിട്ടയത്ത് ശ്രീ. ദുർഗ്ഗാ ഭഗവതി ക്ഷേത്രം
4. കാരിമുക്കം ഭഗവതി ക്ഷേത്രം
5. വള്ളിക്കുന്നം കടുവിനാൽ മുസ്ലീം പള്ളി
6. മേപ്പറമ്പ് മുസ്ലീം പള്ളി
7. പെരുമ്പടപ്പ് കാഞ്ഞിരമുക്ക് ഭഗവതി ക്ഷേത്രം
8. താനൂർ ശ്രീ നരസിംഹമൂർത്തി ക്ഷേത്രം
9. കോഴഞ്ചേരി ഇന്ത്യൻ പെന്തക്കോസ്ത് ചർച്ച്
10. പട്ടാളപ്പള്ളി (മുസ്ലീം)
11. ബദർ മുസ്ലീം പള്ളി
12. കൊട്ടിയൂർ ക്ഷേത്രം
13. ഉദ്യാവർ ഭഗവതി ക്ഷേത്രം
14. പേരകം സെന്റ് മേരീസ് ചർച്ച്
15. കാരകം സെന്റ് മേരീസ് പള്ളി, കാരയൂർ
16. മുതിക്കുംപുഴ (പാലാ) മുസ്ലീം പള്ളി
17. മസ്ജിദ് മുബാറക് പള്ളി, പാമ്പാടി
18. സെന്റ് തോമസ് യാക്കോബായ ചർച്ച്, വെള്ളൂർ
19. പുമാല ഹോളിക്രോസ് ചർച്ച്
20. കല്ലൂർ കാത്തലിക് ചർച്ച്
21. ചിങ്ങവല്ലം പെന്തക്കോസ്ത് ചർച്ച്
22. ചവറ പന്തന മനയിൽ ശ്രീ ബാലഭട്ടാരകേശ്വര ആശ്രമത്തിലെ സരസ്വതി വിഗ്രഹത്തിന്റെ കൈ തകർത്തതായിട്ടുള്ള കേസ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 22 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ക്രസ്തൃൻ പള്ളികൾ - 8

മുസ്ലീം പള്ളികൾ - 6

ദേവാലയങ്ങൾ (ഹിന്ദു) - 8

(ഡി) താഴെപ്പറയുന്ന ദേവാലയാക്രമണങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളിലെ പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്.

1. പേരകം സെന്റ് മേരീസ് പള്ളി
2. കാരകം സെന്റ് മേരീസ് പള്ളി (കാരയൂർ)
3. മസ്ജിദ്മുബറക് മുസ്ലീം പള്ളി
4. സെന്റ് തോമസ് യാക്കോബൈറ്റ് ചർച്ച്, വെള്ളൂർ
5. താനൂർ നരസിംഹമൂർത്തി ക്ഷേത്രം

ഗുണ്ടാസംഘങ്ങളുടെ പ്രവർത്തനം

89. [89] ശ്രീ. ജോണി നെല്ലൂർ:

" ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാസംഘങ്ങളുടെ പ്രവർത്തനം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എവിടെയെല്ലാമാണ് ഗുണ്ടാസംഘങ്ങളുടെ ആക്രമങ്ങൾ ഉണ്ടായിട്ടുള്ളത്; ഇതിൽ കൊല്ലപ്പെട്ടവർ എത്ര; പരിക്ക് പറ്റിയവർ എത്ര; ഈ കേസ്സുമായി ബന്ധപ്പെട്ട് എത്ര പ്രതികൾക്കെതിരെ കേസ്സുകൾ ഉണ്ട്; ഇതിൽ എത്ര പേരെ അറസ്റ്റ് ചെയ്തു;

(സി) ഗുണ്ടാ പ്രവർത്തനങ്ങൾ നിരോധിക്കുന്നതിനുവേണ്ടി കേരളം അതീവ കൂറ്റകരമായ പ്രവർത്തനങ്ങൾ (തടയൽ) ഓർഡിനൻസ് എന്നാണ് പുറപ്പെടുവിച്ചത്; ഈ നിയമത്തിൽ അനുശാസിക്കുന്നതനുസരിച്ച് ഉപദേശക ബോർഡുകൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ഡി) ഉപദേശക ബോർഡ് ഇല്ലാതെ ഈ നിയമം നടപ്പിലാക്കാൻ കഴിയുമോ;

(ഇ) ഇതുസംബന്ധമായി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ. ഇല്ലെങ്കിൽ കാരണമെന്താണ്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly